"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കുടുബശ്രീ - ജീവനക്കാര്യം - ശ്രീമതി.സലീന.കെ.എച്ച്-ന്റെ (അസിസ്റ്റന്റ് സെറികൾച്ചർ ഓഫീസർ, ദാരിദ്ര്യ ലഘൂകരണ യൂണിറ്റ്, ഇടുക്കി) കുടുംബശ്രീ പത്തനംതിട്ട ജില്ലാ മിഷനിലെ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിലെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.1377/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 20/07/2020

---

പരാമർശം:- 1 10/05/2013-ലെ 42/2013/ധന നം. സർക്കുലർ
2 28/11/2013-ലെ സ.ഉ.(സാധാ)നം.580/2013/ധന
3 25/04/2017-ലെ സ.ഉ.(സാധാ)നം.1312/2017/തസ്വഭവ
4 22/11/2017-ലെ സ.ഉ.(സാധാ)നം.3741/2017/തസ്വഭവ
5 26/06/2018-ലെ സ.ഉ.(സാധാ)നം.1731/2018/തസ്വഭവ
6 28/07/2019-ലെ സ.ഉ.(സാധാ)നം.1618/2019/തസ്വഭവ
7 കുടുംബശ്രീ ഡയറക്ടർ(എ&എഫ്)-ന്റെ 10/06/2020-ലെ 4856/ഇ1/2017/കെ.എസ്.എച്ച്.ഒ നം. കത്ത്.

**ഉത്തരവ്**

ഇടുക്കി ദാരിദ്ര്യ ലഘൂകരണ യൂണിറ്റിലെ അസിസ്റ്റന്റ് സെറികൾച്ചർ ഓഫീസറായ ശ്രീമതി.സലീന.കെ.എച്ച്-നെ കുടുംബശ്രീ കോട്ടയം ജില്ലാ മിഷനിലെ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിൽ പരാമർശം (3) പ്രകാരം അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുകയും പരാമർശം (4)-ലെ ഉത്തരവ് പ്രകാരം കുടുംബശ്രീ പത്തനംതിട്ട ജില്ലാ മിഷനിലെ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിൽ സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവാകുകയും ചെയ്തു. പരാമർശം (5),(6) പ്രകാരം ടിയാൾക്ക് ദീർഘിപ്പിച്ച് നൽകിയ അന്യത്രസേവനകാലാവധി 04/05/2020-ൽ അവസാനിച്ച സാഹചര്യത്തിൽ 05/05/2020 മുതൽ ഒരു വർഷത്തേയ്ക്കു കൂടി പ്രസ്തുത സേവനം ദീർഘിപ്പിച്ചു നൽകുന്നതിനായി പരാമർശം (7) പ്രകാരം കുടുംബശ്രീ ഡയറക്ടർ(എ&എഫ്) അഭ്യർത്ഥിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.ശ്രീമതി.സലീന.കെ.എച്ച്-ന്റെ കുടുംബശ്രീ പത്തനംതിട്ട ജില്ലാ മിഷനിലെ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിലെ അന്യത്രസേവന കാലം കേരള സർവ്വീസ് റൂൾസ് ഭാഗം I ചട്ടം 140 (സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം (1), (2) എന്നിവയിലെ മാനദണ്ഡങ്ങൾക്കും വിധേയമായി 05/05/2020 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഹരികുമാർ എ എസ്**
**അണ്ടർ സെക്രട്ടറി**

പകർപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം

ശ്രീമതി.സലീന.കെ.എച്ച്(ഗ്രാമവികസന കമ്മീഷണർ മുഖേന)
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം
അക്കൌണ്ടന്റ് ജനറൽ(ആഡിറ്റ്/എൽബിഎ), കേരള, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ